പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3322 — 19.06.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യുടെ നവീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ. ടി.സി. യുടെ നവീകരണത്തിനായി നൽകിയ തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.യെ മെച്ചപ്പെടുത്തുന്നതിനും അന്തസുറ്റ സ്ഥാപനമാക്കി ഉയർത്തുന്നതിനുമുള്ള കർമ്മ പദ്ധതിയുടെ ഭാഗമായി 2016-17 സാമ്പത്തിക വർഷത്തിൽ 345.61 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 844.6 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ ഇതുവരെ 156 കോടി രൂപയും പദ്ധതി - പദ്ധതിയേതര വിഭാഗങ്ങളിലായി അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക വിനിയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കമോ; | (ബി) | പ്ലാൻ ഫണ്ടിൽ നിന്നും ലഭിച്ച തുക കൊണ്ട് ബസ് സ്റ്റേഷനുകളുടെയും വർക്ക്ഷോപ്പുകളുടെയും നവീകരണം, ടോട്ടൽ കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ, ജീവനക്കാർക്ക് ട്രെയിനിംഗ്, പുതിയ ബസുകൾ വാങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് വിനിയോഗിച്ചിട്ടുണ്ട്. നോൺ പ്ലാൻ ഫണ്ടിൽ നിന്നും ലഭിച്ച തുക കൊണ്ട് കെ.എസ്.ആർ. ടി.സി.യുടെ പ്രവർത്തന മൂലധന ചെലവുകളും പെൻഷൻ വിതരണവും നടത്തിയിട്ടുണ്ട്. |

<table>
<tr>
<td>(സി)</td>
<td>കെ.എസ്.ആർ.ടി.സി. യുടെ നിലവിലെ കടബാധ്യതയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?</td>
<td>(സി)</td>
<td>പുതിയ കൺസോർഷ്യം ബാങ്കുകളിൽ നിന്നും ലഭ്യമാക്കിയ 3100 കോടി രൂപ വായ്പ കൊണ്ട് നിലവിലുണ്ടായിരുന്ന കടങ്ങൾ തീർത്തിരുന്നു. കെ.എസ്.ആർ.ടി.സി.യുടെ ഇപ്പോഴത്തെ കട ബാദ്ധ്യതയായ 3100 കോടി രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><td>എസ്.ബി.ഐ.</td><td>-</td><td>1000 കോടി രൂപ</td></tr>
<tr><td>കാനറ ബാങ്ക്</td><td>-</td><td>500 കോടി രൂപ</td></tr>
<tr><td>വിജയ ബാങ്ക്</td><td>-</td><td>500 കോടി രൂപ</td></tr>
<tr><td>ലക്ഷ്മി വിലാസ് ബാങ്ക്</td><td>-</td><td>150 കോടി രൂപ</td></tr>
<tr><td>കെ.റ്റി.ഡി.എഫ്.സി</td><td>-</td><td>950 കോടി രൂപ</td></tr>
<tr><td>ആകെ</td><td>-</td><td>3100 കോടി രൂപ</td></tr>
</table>
കൺസോർഷ്യം ബാങ്കുകൾ മുഖേനയുള്ള വായ്പ പുനഃസംഘടനയ്ക്ക് മുമ്പായി കെ.റ്റി.ഡി.എഫ്.സി.ക്ക് വായ്പ ഇനത്തിൽ 1221 കോടി രൂപ കെ.എസ്.ആർ.ടി.സി. തിരിച്ചടയ്ക്കാൻ ഉണ്ടായിരുന്നു. ആയതിൽ നിന്ന് 1100 കോടി രൂപ പുതിയ കൺസോർഷ്യം ബാങ്കുകൾ മുഖേന തിരിച്ചടവ് കാലാവധി കൂടിയ വായ്പയാക്കി മാറ്റിയിരുന്നു. പിന്നീട് ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് പുതിയ ബാങ്ക് (ലക്ഷ്മി വിലാസ് ബാങ്ക്) ചേരുകയും 150 കോടി രൂപ അനുവദിക്കുകയും ചെയ്തതിനെ തുടർന്ന് കൺസോർഷ്യത്തിലെ കെ.റ്റി.ഡി.എഫ്.സി.യുടെ പങ്ക് 950 കോടി രൂപയായി കുറഞ്ഞു. കൺസോർഷ്യം വായ്പയായി മാറ്റിയ തുക കിഴിച്ചുള്ള ബാക്കി തുകയായ 121 കോടി</td>
</tr>
</table>

| | | | |
|---|---|---|---|
| | | | രൂപ കൂടി കെ.എസ്.ആർ.ടി.സി., കെ.റ്റി.ഡി.എഫ്.സി.യ്ക്ക് തിരിച്ചടയ്ക്കാൻ ഉണ്ട്. ഇത് കൂടാതെ കൺസോർഷ്യം ബാങ്ക് മുഖേനയുള്ള വായ്പ പുനഃസംഘടനയുടെ ഭാഗമായി, കെ.എസ്.ആർ.ടി.സി.യ്ക്ക് മറ്റു പല ധനകാര്യ സ്ഥാപനങ്ങളിലും ഉണ്ടായിരുന്ന വായ്പ ബാധ്യതകൾ തീർക്കുന്നതിനായി 2332.37 കോടി രൂപ 12% പലിശ നിരക്കിൽ 10 ദിവസത്തേക്ക് ഹ്രസ്വകാല വായ്പയായി കെ.റ്റി.ഡി.എഫ്.സി നൽകിയിരുന്നു. ഈ ഹ്രസ്വകാല വായ്പയിൽ കെ.എസ്.ആർ.ടി.സി 2000 കോടി രൂപ തിരിച്ചടച്ചിരുന്നു. ശേഷിക്കുന്ന 332.37 കോടി രൂപ കെ.എസ്.ആർ.ടി.സി., കെ.റ്റി.ഡി.എഫ്.സി.ക്ക് തിരിച്ച് നൽകേണ്ടതായുണ്ട്. |

**സെക്ഷൻ ഓഫീസർ**